പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4260 25.06.2014 ലെ മറുപടിയ്ക്ക്

**ടൂറിസം വികസനത്തിന് കർമ്മപരിപാടികൾ**

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ.മുരളീധരൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം വ്യവസായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി കെ.ടി.ഡി.സി. എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ; | എ) | അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ കെ.ടി.ഡി.സി.യുടെ എല്ലാ പ്രീമിയം ഹോട്ടലുകളുടെയും നവീകരണമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. കർമ്മപരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ആരണ്യ നിവാസ് ഹോട്ടൽ, തേക്കടി - നവീകരണ പ്രവർത്തനങ്ങൾ തുടങ്ങി<br>പെരിയാർ ഹൗസ്, തേക്കടി - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br>ഹോട്ടൽ ചൈത്രം, തമ്പാനൂർ - നവീകരണ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടം പൂർത്തിയായി<br>മാസ്കറ്റ് ഹോട്ടൽ, തിരുവനന്തപുരം - അടുക്കള നവീകരണത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു<br>ബീച്ച് റിസോർട്ട്, ബേക്കൽ - കോട്ടേജുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br>കല്യാണമണ്ഡപം, നന്ദനം, ഗുരുവായൂർ - ഗുരുവായൂർ നഗരസഭയിൽ നിന്നും നിർമ്മാണ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു<br>ഹോട്ടൽ കോംപ്ലക്സ്, കൽപ്പറ്റ – ഇറിഗേഷൻ വകുപ്പിൽ നിന്നും സ്ഥലം ലഭിക്കേണ്ടതുണ്ട്<br>ഹോട്ടൽ കോംപ്ലക്സ്, കോഴിക്കോട് – പ്രോജക്ട് റിപ്പോർട്ട് തയ്യാറായി. ഭൂമി ലഭിക്കേണ്ടതായിട്ടുണ്ട്<br>ഷോപ്പിംഗ് കോംപ്ലക്സ്, എറണാകുളം - കൊച്ചി നഗരസഭയിൽ നിന്നും അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്<br>മൾട്ടി ഫെയ്ത്ത് ടൂർ പാക്കേജ് - ടൂറിസ്റ്റ് പ്രാധാന്യമുള്ള ആരാധനാലയങ്ങൾ ചേർത്തു കൊണ്ടുള്ള ബസ് സർവ്വീസ്<br>ബോട്ടിംഗ് - തേക്കടിയിൽ 120 പേർക്ക് സഞ്ചരിക്കാവുന്ന ബോട്ട് സർവ്വീസ്<br>വാട്ടർസ്പോർട്സ്, കുമരകം - പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു<br>ആയുർവേദിക് ലേക്ക് റിസോർട്ട്, തണ്ണീർമുക്കം - നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| ബി) | ഇതിനായി എന്തെല്ലാം നൂതന പരിശീലന പരിപാടികൾക്ക് തുടക്കമിട്ടിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | 1. സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി സ്കിൽ കോഴ്സ്<br>കെ.ടി.ഡി.സി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി പ്രൊഫഷണൽ കുക്കറി (കുക്ക്), ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ് (വെയ്റ്റർ), ഹൗസ്കീപ്പിംഗ് യൂട്ടിലിറ്റി (ഹൗസ്കീപ്പർ) എന്നീ മൂന്ന് കോഴ്സുകൾ കെ.ടി.ഡി.സി.യുടെ ട്രെയിനിംഗ് സെന്ററിന്റെ അധീനതയിൽ പ്രഗത്ഭരായ അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിൽ നടത്തിവരുന്നു. എട്ടാം ക്ലാസ് പാസ്സായവരും 18 നും 22 നും മദ്ധ്യേ പ്രായമുള്ള പട്ടികജാതി |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽപ്പെട്ടവർക്കാണ് ഈ കോഴ്സിൽ ചേരാനുള്ള യോഗ്യത. ഈ കോഴ്സുകൾ തികച്ചും സൗജന്യമാണ്.<br><br>2. ഹുണാർ സെ റോസ്ഗാർ തക്<br>ഭാരത സർക്കാരിന്റെ തൊഴിലധിഷ്ഠിത പരിശീലനം ഹുണാർ സെ റോസ്ഗാർ തക് എന്ന പരിശീലന പരിപാടി കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നു. ഫുഡ് പ്രൊഡക്ഷൻ (കുക്ക് ), ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ് (വെയ്റ്റർ), ഹൗസ്കീപ്പിംഗ് യൂട്ടിലിറ്റി (ഹൗസ്കീപ്പർ) എന്നീ മൂന്ന് കോഴ്സുകളാണ് നടത്തുന്നത്. എട്ടാം ക്ലാസ് പാസ്സായവരും 18 നും 22 നും മദ്ധ്യേ പ്രായമുള്ള എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഈ കോഴ്സിൽ ചേരാവുന്നതാണ്. കെ.ടി.ഡി.സി.യുടെ തിരഞ്ഞെടുക്കപ്പെട്ട 21 ഹോട്ടലുകളിലാണ് ഈ കോഴ്സുകൾ നടത്തുന്നത്<br><br>3. ജീവനക്കാർക്ക് വേണ്ടിയുള്ള പരിശീലനം<br>കെ.ടി.ഡി.സി.യിലെ ജീവനക്കാരെ അവരുടെ കാറ്റഗറി തിരിച്ച് അതാതു വിഷയങ്ങളിൽ വിദഗ്ധരെ കൊണ്ട് പരിശീലനം നൽകി വരുന്നു. |
| സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | പട്ടികജാതി വികസന വകുപ്പും കെ.ടി.ഡി.സി.യും സഹകരിച്ചാണ് 'സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി സ്കിൽ കോഴ്സ് 'എന്ന പരിശീലന പരിപാടി നടത്തുന്നത്.<br>ഹുണാർ സെ റോസ്ഗാർ തക് എന്ന ഭാരത സർക്കാരിന്റെ തൊഴിലധിഷ്ഠിത പരിശീലന പരിപാടി കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നു.<br>ജീവനക്കാർക്കു വേണ്ടിയുള്ള പരിശീലന പരിപാടി നടത്തുന്നത് കെ.ടി.ഡി.സി.യുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചാണ്. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റാലിറ്റി സ്കിൽ കോഴ്സ് നടത്തുന്നതിനായി പട്ടികജാതി വികസന വകുപ്പും കെ.ടി.ഡി.സി.യും സഹകരിച്ച് ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ പരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ഗൾഫ് രാജ്യത്തുള്ള ഷാർജയിലെ എ.ആർ.സി. ഫുഡ് മീൽസ് എൽ.എൽ.സി. എന്ന കാറ്ററിംഗ് കമ്പനിയിൽ തൊഴിൽ നൽകുന്നതിന് ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.<br>ഹുണാർ സെ റോസ്ഗാർ തക് എന്ന പരിശീലന പരിപാടി ഭാരത സർക്കാരിന്റെ സ്കിൽ ഡവലപ്മെന്റ് നയത്തിന്റെ ഭാഗമായി മാൻഡേറ്ററി ആയിട്ട് സംസ്ഥാന ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനുകൾ നടത്തണം എന്ന ഉത്തരവ് പ്രകാരമാണ് കെ.ടി.ഡി.സി. ഈ ട്രെയിനിംഗ് പരിപാടി നടത്തുന്നത്. ഇതിനുള്ള ഫണ്ട് മുഴുവനും കേന്ദ്ര സർക്കാരാണ് നൽകുന്നത്. ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കെ.ടി.ഡി.സി.യിൽ ട്രെയിനിയായി നിയമനം നൽകി വരുന്നുണ്ട്. കെ.ടി.ഡി.സി.യിലെ ജീവനക്കാർക്ക് നൽകുന്ന പരിശീലനം കെ.ടി.ഡി.സി.യുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ